# മലയാള ഭാഷ വാരാഘോഷം 2019

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം

## റിപ്പോർട്ട്

മലയാള ഭാഷ വാരാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ വച്ച് കേരള പിറവി ദിനമായ 1 -11 -2019 ന് 7 ദിവസം നീണ്ടുനിന്ന പരിപാടിക്ക് തുടക്കം കുറിച്ചു. പ്രസ്തുത യോഗത്തിൽ ടി ഓഫീസിലെ മുഴുവൻ ജീവനക്കാരും പങ്കെടുത്തു . കെ എസ് ഡി എം എ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ കുരിയാക്കോസ് യോഗം ഉദ്ഘാടനം ചെയ്യുകയും മലയാള ഭാഷ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു.



പ്രസ്തുത യോഗത്തിൽ ദുരന്ത നിവാരണ അതോറിറ്റി ചീഫ് മാനേജർ ശ്രീ. സിജി എം തങ്കച്ചൻ അധ്യക്ഷത വഹിച്ചു. മലയാള ഭാഷയുടെ സവിശേഷത, ചരിത്രം എന്നിവയെ കുറിച്ച് ഉദ്ഘാടകൻ വിശദികരിച്ചു. ഭാഷയുടെ ഉപയോഗ രീതി വളരെ ലളിതമാക്കണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തലമുറകളുടെ വ്യത്യാസത്തിൽ ഭാഷക്ക് സംഭവിച്ചു കൊണ്ടിരിക്കുന്ന രൂപാന്തരത്തെ കുറിച്ച് ഉദ്ഘാടാകൻ എടുത്തു പറഞ്ഞു.

സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിയോഗിച്ച പോലീസ് ഉദ്യോഗസ്ഥൻ ഡി വൈ എസ് പി ശ്രീ. ഡെനിൽ മുഖ്യാതിഥി ആയിരിന്നു. പോലീസ് വിഭാഗത്തിൽ പല വാക്കുകളും വാചകങ്ങളും മലയാളത്തിൽ തർജ്ജിമ ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ പറയുകയുണ്ടായി . ശ്രീ. രാജകുമാരൻ തമ്പി, ഓഫീസ് മാനേജർ, പ്രസ്തുത യോഗത്തിനു സ്വാഗതം ആശംസിച്ചു.

ദേശിയ ദുരന്ത പ്രതികരണ സേനയെ പ്രതിനിധികരിച്ചു ശ്രീ .ബേബി തങ്കച്ചൻ, യൂണിസെഫ് നെ പ്രതിനിധികരിച്ചു ശ്രീ. പ്രതീഷ് സി മാമൻ,






ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന പ്രോജെക്ട് ഓഫിസർ ശ്രീ. ജോ ജോൺ ജോർജ്, ദുരന്ത നിവാരണ അതോറിറ്റി ദുരന്ത വിശകലന വിദഗ്ദ്ധരുടെ പ്രതിനിധിയായി ശ്രീ. രാജീവ് ടി ആർ ദുരന്ത നിവാരണ അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് മാനേജർ ശ്രീമതി. ഇന്ദു എം എസ്, യു എൻ ഡി പി സംസ്ഥാന പ്രോജെക്ട് ഓഫീസർ ശ്രീമതി ആനി ജോർജ്, യു എൻ ഡി പി ദേശീയ പ്രോജെക്ട് കോ-ഓർഡിനേറ്റർ ശ്രീ. മനീഷ് മോഹൻദാസ് എന്നിവർ പ്രസ്തുത യോഗത്തിനു ആശംസകൾ അറിയിച്ചു. ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണഭാഷ മാതൃഭാഷ നോഡൽ ഓഫിസറും പ്രസ്തുത പരിപാടിയുടെ മുഖ്യ സംഘടകനുമായ ദുരന്ത വിശകലന വിദഗ്ദ്ധൻ ശ്രീ സത്യകുമാർ സി ജെ യോഗത്തിനു കൃതജ്ഞത രേഖപ്പെടുത്തി.






















2019 നവംബർ 1 മുതൽ 7 വരെ നീണ്ടു നിന്ന വാരാഘോഷത്തിന്റെ ഭാഗമായി അതോറിറ്റിയുടെ ഓഫീസിനു മുന്നിൽ പ്രസ്തുത പരിപാടിയുടെ ബാനർ പ്രദർശിപ്പികുകയുണ്ടായി. അതോടൊപ്പം ടി ഓഫീസിൽ ഔദ്യോഗികമായി ദൈനം ദിനം ഉപയോഗിക്കുന്ന ആംഗലേയ പദങ്ങളുടെ മലയാള തർജ്ജിമ പ്രസ്ഥുത കാര്യലയത്തിന്റെ മുന്നിൽ സന്ദർശകർ ഉൾപ്പടെ കാണത്തക്കവിധത്തിലുള്ള ബോർഡ് സ്ഥാപിച്ച് ഓരോ ദിവസം അഞ്ചു പദങ്ങൾ വീതം എഴുതി പ്രദർശിപ്പിക്കുകയുണ്ടായി. ഈ പരിപാടിക്ക് കാര്യാലയത്തിലെ ദുരന്ത വിശകലന വിദഗ്ധൻ ശ്രീ. രാജീവ് ടി ആർ നേതൃത്വം നൽകി.

7-11-2019 ന് മലയാള വാരാഘോഷ പരിപാടികൾ അവസാനിച്ചു.

***